<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 270</u> <u>25-10-2021 - ൽ മറുപടിയ്ക്ക്</u>

<u>ഹാരിസൺ കമ്പനിയുടെ പ്രമാണരേഖ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഹാരിസൺ കമ്പനി ലിമിറ്റഡിന്റെ അധികൃതർ 1923-ലെ അവരുടെ പ്രമാണരേഖ തിരുത്തിയെന്ന് ഫോറൻസിക് സയൻസ് ലാബ് കണ്ടെത്തി റിപ്പോർട്ട് ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട, കോട്ടയം ഇടുക്കി ജില്ലകളിലായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 25630 ഏക്കർ ഭൂമിയുടെ പ്രമാണ രേഖയായി കമ്പനി ഹാജരാക്കിയതും കൊല്ലം എസ്. ആർ. ഒ യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 1600/1923 നമ്പർ കരാർ ഉടമ്പടി (Indenture) യുടെ ആധികാരികത സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി തിരുവന ന്തപുരം ഫോറൻസിക് സയൻസ് ലാബ് നടത്തിയ പരിശോധനയിൽ പ്രസ്തുത രേഖയുടെ പ്രസക്തി നഷ്ടമാകും വിധത്തിൽ നിരവധി തിരുത്തലുകളും കൂട്ടിചേർക്കലുകളും വരുത്തിയിട്ടുള്ളതായി കണ്ടെത്തുകയും ഫോറൻസിക് സയൻസ് ലാബ് ഡയറക്ടറുടെ 12.6.2018 ലെ B2-9044/FSL/2015 നമ്പർ കത്ത് പ്രകാരം വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്മേൽ നടപടി എടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലതാമസം വരുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെ ഗൗരവമായി കാണുന്നുണ്ടോ; | (ബി) | ഇല്ല. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിന്റെ ഭാഗമായാണ് രേഖകൾ ഫോറൻസിക് ലാബിൽ പരിശോധന നടത്തിയത്. അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട കേസ് വിജിലൻസ് കോടതിയിൽ ഉണ്ടായിരുന്നോ എന്ന് അറിയിക്കുമോ; | (സി) | സർക്കാർ ഭൂമി അനധികൃതമായി വ്യാജരേഖകൾ ചമച്ച് കൈമാറിയിട്ടുള്ള കേസിൽ ഉൾപ്പെട്ട ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ ചുമതലക്കാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ അന്വേഷണം നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ |

| | | | |
|---|---|---|---|
| | | | ബ്യൂറോ രജിസ്റ്റർ ചെയ്ത വി .സി .09/2013/ എസ് . ഐ. യു-II നമ്പർ കേസ് തിരുവനന്തപുരം വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്. |
| (ഡി) | എങ്കിൽ വകുപ്പിന്റെ അറിവോ സമ്മതമോ ഇല്ലാതെ പ്രസ്തുത കേസ് അവസാനിപ്പിക്കാൻ ചില ഉദ്യോഗസ്ഥർ നീക്കം നടത്തിയതായി പറയപ്പെടുന്ന വിഷയത്തിൽ നടപടിക്ക് തയ്യാറാകുമോയെന്നറിയിയ്ക്കമോ? | (ഡി) | ക്രിമിനൽ നടപടി ചട്ടപ്രകാരം കേസ് അന്വേഷിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് നിലവിൽ കോടതിയുടെ പരിഗണനയിലാണ്.ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്ക് കേസിൽ ഇടപെടാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ